(സി) കൂടുതൽ അരി കാർഡുകൾ അർഹരായവർക്കു കൊടുക്കുന്നതിനു വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) തദ്ദേശസ്വയം ഭരണസമിതികളുടെ നിവേദനങ്ങൾ ഈ ആവശ്യം ഉന്നയിച്ചുകൊണ്ടു ലഭിച്ചിട്ടുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 24,44,676

(ബി) 26,68,074.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഈ) അർഹരായ കുടുംബങ്ങൾക്കു കാർഡുകൾ കൊടുക്കാൻ എല്ലാ കളക്ടറന്മാർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പുതിയ സ്കൂളുകൾ

* 39. [59] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പുതുതായി അനുവദിച്ച സ്കൂളുകളിൽ (1) സർക്കാർ സ്കൂളുകൾ എത്ര ?

(2) എയിഡഡ് സ്കൂളുകൾ എത്ര ?

(3) അൺ എയിഡഡ് സ്കൂളുകൾ എത്ര ?

(ബി) ഒന്നിലധികം തവണകളിലായി സ്കൂളുകൾ അനുവദിക്കാനിടയായതെന്തുകൊണ്ടാണു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) സർക്കാർ സ്കൂളുകൾ 116

(2) എയിഡഡ് സ്കൂളുകൾ 385

(3) അൺഎയിഡഡ് സ്കൂളുകൾ 29

(ബി) Kerala Education Rules–ലെ chapter V, Rule (12)അനുസരിച്ചു സ്കൂൾ അനുവദിച്ചു 30 ദിവസത്തിനകം അപ്പീൽ കൊടുക്കാൻ അവകാശമുണ്ട്. ഈ സമയത്തുതു ലഭിച്ച അപ്പീലുകൾ പരിശോധിച്ചതിൽ ചില സ്കൂളുകൾകൂടി അനുവദിക്കണമെന്നു ബോദ്ധ്യമായി. കൂടാതെ അൺഎയിഡഡ് സ്കൂളുകളുടേയും സംസ്ഥസ്കൂളുകളുടേയും കാര്യത്തിൽ കൂടുതൽ അനുകൂലനിലപാടു കൈക്കൊള്ളണമെന്നു ഗവണ്മെന്റു ഉദ്ദേശിച്ചു. ഈ പരിതഃസ്ഥിതികളിലാണു ഒന്നിലധികം തവണകളിലായി സ്കൂളുകൾ അനുവദിക്കാൻ ഇടയായതു്.

പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയുന്നതിനു സ്വീകരിച്ച നടപടി

* 40. [61] ശ്രീ. എൻ. ഗോപാലക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയുന്നതിനു എന്തൊക്കെ നടപടികളാണു ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ളതു് ;

(ബി) ആലപ്പുഴജില്ലാ കളക്ടർ ഒരു പഞ്ചസാരലൈസൻസു റദ്ദാക്കിയതിനെ മന്ത്രി സ്റ്റേ ചെയ്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ കാരണമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly

ക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയുന്നതിനായി താഴെ പറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

1. സംസ്ഥാനത്തെ ന്യായവിലഷാപ്പുകളും മുഖേനയുള്ള അരി വിതരണ നിരക്കു് കാർഡൊന്നിനു് ആഴ്ചയിൽ 4 8 കിലോഗ്രാമായി 5·7·64 മുതൽ 8 ആഴ്ചത്തേക്കു് വർദ്ധിപ്പിക്കുകയുണ്ടായി 30.8 64 മുതൽ രണ്ടാഴ്ചത്തേക്കു് 3·6 കിലോഗ്രാം അരിവീതം കാർഡൊന്നിനു്നൽകുന്നതിനുംഉത്തരവായിട്ടുണ്ടു്

2. ക്ഷ്യധാന്യവ്യാപാരത്തിൽ ഫലപ്രദമായ നിയന്ത്രണം ചെലുത്തുന്നതിനു് 1964—ലെ കേരളാ ഫുഡ് ഗ്രെയിൻസ് ഡീലേഴ്സ്ലൈസൻസിംഗ് ഓർഡർ പുറപ്പെടുവിച്ചു.

3. പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയുന്നതിനു് ക്ഷ്യധാന്യസ്റ്റോക്കു് കൈവശമുള്ളവർ സ്റ്റോക്കു് വിവരം അധികാരികളെ അറിയിക്കണമെന്നു് അനുശാസിക്കുന്ന ഉത്തരവു് 1964 ആഗസ്റ്റു മാസത്തിൽ പുറപ്പെടുവിച്ചു.

4. കേരളത്തിൽ വിവിധ ഇനം അരിയുടെ പരമാവധി വിൽപന വില നിജപ്പെടുത്തികൊണ്ടു് 1964 ആഗസ്റ്റു മാസത്തിൽ വില നിയന്ത്രണ ഉത്തരവു് പുറപ്പെടുവിച്ചു.

5. പൊതുവിപണിയിൽ അരിയുടെ സ്റ്റോക്കു് കുറവു് പരിഹരിക്കാൻ കേന്ദ്രഗവണ്മെൻറിൽനിന്നും പ്രത്യേകമായി അരി അലോട്ടു ചെയ്തു വാങ്ങിച്ചു് നിശ്ചിത വിലയ്ക്കു് ഉപഭോക്താക്കൾക്കു് വിതരണം ചെയ്യുന്നുണ്ടു്.

6. മണ്ണെണ്ണ, സോപ്പു്, ചില കടലാസുകളും എന്നിവയുടെ വില നിയന്ത്രണമേർപ്പെടുത്തികൊണ്ടു് 1963-ൽ കേന്ദ്രഗവണ്മെൻറിൽനിന്നും അവശ്യസാധനവില നിയന്ത്രണഉത്തരവു് പുറപ്പെടുവിച്ചു.

7. പഞ്ചസാര നിശ്ചിതവിലയ്ക്കു് ഉപഭോക്താക്കൾക്കു് വിതരണം ചെയ്യുന്നതിനു് 1963—ൽ പഞ്ചസാരനിയന്ത്രണ ഉത്തരവു് കേന്ദ്രഗവണ്മെൻറു് പുറപ്പെടുവിച്ചു.

8. റോളർ ഫ്ലവർ മില്ലുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഗോതമ്പുൽപന്നങ്ങളുടെ വില നിജപ്പെടുത്തികൊണ്ടു് 1964 മാർച്ചിൽ കേന്ദ്രഗവണ്മെൻറു് ഗോതമ്പുൽപന്നവില നിയന്ത്രണ ഉത്തരവു് പുറപ്പെടുവിച്ചു.

9. ഈ വിലനിയന്ത്രണ ഓർഡറുകളും കർശനമായി നടപ്പിലാക്കുന്നതിനുവേണ്ടി കൂടുതൽ സ്റ്റാഫിനെ നിയമിക്കാൻ ഉത്തരവായിട്ടുണ്ടു്.

10. വ്യാപാരികളും അമിതമായി ക്ഷ്യധാന്യങ്ങളും സ്റ്റോക്കുചെയ്യുന്നതിനെ നിരുത്സാഹപ്പെടുത്തുന്നതിനു്, ക്ഷ്യധാന്യങ്ങളിന്മേൽ അനുവദിക്കാവുന്ന ബാങ്കു് അഡ്വാൻസു് നിരക്കു് 1964 ആഗസ്റ്റിൽ റിസർവ്വു് ബാങ്കു് ഭേദഗതി ചെയ്തു.

(ബി) ഉണ്ടു്. നിയമപ്രകാരം ഏതെങ്കിലും വ്യാപാരിക്കു് കളക്ടറുടെ ഉത്തരവിന്മേൽ ഗവണ്മെൻറിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും ഗവണ്മെൻറിനു് അത്തരം അപേക്ഷയിന്മേൽ സ്റ്റേ ഉത്തരവു് കൊടുക്കാവുന്നതും ആകുന്നു.

പുതുതായി അനുവദിച്ച സ്കൂളുകൾ.

* 41. [62] ശ്രീ. പി. അബ്ദുൽമജീദു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്കൂൾ വർഷത്തിൽ ആരംഭിക്കുന്നതിനായി അനുവദിച്ച സ്കൂളുകൾ എത്ര ;

(ബി) ഗവണ്മെൻറു് സ്കൂളുകൾ എത്ര ? മാനേജ്മെൻറു് സ്കൂളുകൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly